6520
91615

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-എം.എൽ.എ യുടെ മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്രവാഹനം നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ) നം.326/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 5.6.2015

പരാമർശം- 1. 29.10.2014 ലെ സ.ഉ(സാധാ) നം.8162/14/ധന നമ്പർ ഉത്തരവ്
2. 11.6.2012 ലെ സ.ഉ(പി)332/12/ധന നമ്പർ ഉത്തരവ്
3. 22.1.2015, 20.3.2015 തീയതികളിലെ ശ്രീ.പി.കെ.ബഷീർ.എം.എൽ.എ യുടെയും ശ്രീ.വി.ടി.ബൽറാം.എം.എൽ.എ യുടെയും കത്തുകൾ.
4. 23.3.2014 ലെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 344/15/വി.ക്ഷേ.കോ നമ്പർ കത്ത്.

## ഉത്തരവ്

ഏറനാട് എം.എൽ.എ ശ്രീ.പി.കെ.ബഷീറും തൃത്താല എം.എൽ.എ ശ്രീ.വി.ടി ബൽറാമും അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകുന്നതിന് 2014-15 സാമ്പത്തിക വർഷത്തെ മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വീതം പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

പരാമർശം 4 പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ 10 ലക്ഷം രൂപയ്ക്ക് 15 scooter with side wheel കേരള ആട്ടോ മൊബൈൽസിൽ നിന്നും വാങ്ങി വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്രവാഹനം നൽകാനായി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയ്ക്കൊപ്പം നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നുള്ള തുക കൂടി വിനിയോഗിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള പരാമർശം ഒന്നിലെ ഉത്തരവു പ്രകാരവും പരാമർശം രണ്ട് ഉത്തരവിലെ guidelines അനുസരിച്ചും ഏറനാട് എം.എൽ.എ ശ്രീ.പി.കെ.ബഷീറിന്റെയും തൃത്താല എം.എൽ.എ ശ്രീ.വി.ടി ബൽറാമിന്റെയും ആസ്തി വികസന ഫണ്ടിൽ നിന്നും അംഗപരിമിതർക്ക് മുച്ചക്രവാഹനം വികലാംഗക്ഷേമ കോർപ്പറേഷൻ വഴി വാങ്ങുന്നതിന് 10 ലക്ഷം രൂപ വീതം 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയും ഈ തുക 4235-02-102-94-Projects under LAC-ADS ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

ശ്രീ.വി.ടി.ബൽറാം.എം.എൽ.എ, എം.എൽ.എ ഹോസ്റ്റൽ, തിരുവനന്തപുരം
ശ്രീ.പി.കെ.ബഷീർ.എം.എൽ.എ, ഫിർദൌസ്, പത്തപ്പിരിയം, മഞ്ചേരി-676123
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(Vide U.O.No.27198/NC-B3/15/Fin dated nil)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ